"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം- കാസറഗോഡ് ജില്ലാപഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് 1 ശ്രീ.സുരേഷ് കുമാർ.യു -ന് കെ.എസ്.ആർ ഭാഗം 1 ചട്ടം 97,98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2261/2024/LSGD  തീയതി,തിരുവനന്തപുരം, 22-11-2024

---

പരാമർശം:-

1. സ.ഉ(പി) നം 112/2017/ധന. തീയതി 24.08.2017.
2. ശ്രീ.സുരേഷ് കുമാർ യു 09.06.2023ൽ സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.03.2024, 13.09.2024 എന്നീ തീയതികളി ലെ LSGD/PD/55326 /2023-DEE5നമ്പർ കത്തുകൾ.

**ഉത്തരവ്**

കാസറഗോഡ് ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് 1 ശ്രീ.സുരേഷ് കുമാർ.യു- 28.04.2023 ന് വൈകുന്നേരം ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങവേ ബൈക്ക് അപകടത്തിൽപ്പെട്ട് ടിയാളുടെ കയ്യെല്ലിന് പൊട്ടൽ സംഭവിച്ച് ചികിത്സയിലായിരുന്നതിനാൽ 08.06.2023 വരെ ജോലിയ്ക്ക് ഹാജരായിട്ടില്ലാത്തതാണെന്നും ആയതിനാൽ ടിയാൾക്ക് 29.04.2023 മുതൽ 08.06.2023 വരെ പ്രത്യേക അവശതാ അവധി അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ശ്രീ.സുരേഷ് കുമാർ.യു-ന്റെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ തസ്വഭവ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ ആണ് അപകടം സംഭവിച്ചതെന്ന മേലധികാരിയുടെ സാക്ഷ്യപത്രത്തിന്റേയും, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അനുബന്ധ രേഖകളുടേയും അടിസ്ഥാനത്തിലും പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരവും കാസറഗോഡ് ജില്ലാപഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് 1 ശ്രീ.സുരേഷ് കുമാർ.യു-ന് 29.04.2023 മുതൽ 08.06.2023 വരെയുള്ള കാലയളവിലേയ്ക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 97,98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ. തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്. കാസറഗോഡ്

ശ്രീ.സുരേഷ് കുമാർ യു, ഡ്രൈവർ ഗ്രേഡ് 1, ജില്ലാ പഞ്ചായത്ത്, കാസറഗോഡ് (കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(104/ഇപിഎ2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 25-11-2024 12:05:54

സെക്ഷൻ ഓഫീസർ